# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 630      08/08/2017-ൽ മറുപടിക്ക്

## പവർകട്ട് ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്.ശർമ്മ**<br>**,, സി. കെ. ശശീന്ദ്രൻ**<br>**,, പി. ഉണ്ണി**<br>**,, കെ. ദാസൻ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | ഈ വർഷം സംസ്ഥാനത്ത് ജല സംഭരണികളിൽ ലഭ്യമായ വെള്ളത്തിന്റെ അളവ് ഗണ്യമായ തോതിൽ കുറഞ്ഞ സാഹചര്യത്തിലും പവർകട്ട്, ലോഡ് ഷെഡ്ഡിംഗ് എന്നിവ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | 2017-18 കാലയളവിലെ വൈദ്യുതി ഉപഭോഗം ഏതാണ്ട് 24770 ദശലക്ഷം യൂണിറ്റായിരിക്കുമെന്നാണ് കെ.എസ്.ഇ.ബി കണക്കാക്കിയിരിക്കുന്നത്. വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനായി 2014-ൽ തന്നെ കെ.എസ്.ഇ.ബി.എൽ 865 മെഗാവാട്ട് വൈദ്യുതിക്കുള്ള ദീർഘകാല കരാറിൽ DBFOO tender വഴി ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് 2016 -17 കാലയളവിൽ ലഭിച്ചു തുടങ്ങി. ശേഷിക്കുന്ന 550 മെഗാവാട്ട് വൈദ്യുതി 01.10.2017 മുതൽ ലഭിച്ചു തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.<br>ഇത് കൂടാതെ നിലവിലുള്ള കാലവർഷ കുറവ് കാരണം ഉണ്ടായേക്കാവുന്ന ആഭ്യന്തര ഉല്പാദനത്തിലെ കുറവ് മുൻകൂട്ടി കണ്ട്, ഇപ്പോൾ തന്നെ പവർ എക്സ്ചേഞ്ചിൽ നിന്നും താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങി. വേനൽകാലത്തെ ആവശ്യത്തിന് വേണ്ടി ജലം സംഭരിക്കുന്നുണ്ട്. ഇപ്രകാരം പ്രതീക്ഷിച്ചതിന്റെ 80 ശതമാനം മാത്രം മഴ ലഭിച്ചാൽ പോലും **2017- 18** - ൽ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാവുന്നതാണ്. എന്നാൽ നിലവിൽ പ്രതീക്ഷിച്ചതിന്റെ 60 -70 ശതമാനം മഴ മാത്രമേ ഇതുവരെ ലഭിച്ചിട്ടുള്ളൂ. |

(...2)

| | | | |
|---|---|---|---|
| | | | ഈ സാഹചര്യം കെ.എസ്.ഇ.ബി.എൽ കൃത്യമായി അവലോകനം ചെയ്തു വരുകയാണ്. വരും ദിവസങ്ങളിൽ മഴ ശക്തിപ്പെട്ടുകയും തുലാവർഷം ശക്തമായി ലഭിക്കുകയും ചെയ്താൽ മേൽ സൂചിപ്പിച്ച പ്രകാരം തന്നെ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാവുന്നതാണ്. എന്നാൽ മഴയുടെ ദൌർലഭ്യം അനിശ്ചിതമായി നീണ്ടുപോവുകയാണെങ്കിൽ ഹ്രസ്വ കാലത്തേയ്ക്ക് വൈദ്യുതി വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ കൈകൊള്ളുന്ന കാര്യവും കെ.എസ്.ഇ.ബിഎല്ലിന്റെ പരിഗണനയിലുണ്ട്. |
| (ബി) | വൈദ്യുതിയുടെ മിതമായ ഉപഭോഗം സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നല്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | 2016 ഡിസംബർ 14 ഊർജ്ജ സംരക്ഷണ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തുടനീളം വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഊർജ്ജ സംരക്ഷണ സന്ദേശം ഉൾക്കൊള്ളിച്ച് കാസർഗോഡ് നിന്ന് ആരംഭിച്ച് തിരുവനന്തപുരത്ത് സമാപിച്ച സൈക്കിൾ റാലി പൊതുജനങ്ങളിൽ ഊർജ്ജ സംരക്ഷണത്തെ കുറിച്ചുള്ള അവബോധം വളർത്തുന്നതിനു സാധിച്ചു. എല്ലാ ജില്ലകളിലും ഊർജ്ജസംരക്ഷണ ദിനത്തിൽ മാസ് റാലി സംഘടിപ്പിച്ചു. നാഷണൽ സർവീസ് സ്കീം, എനർജി കൺസർവേഷൻ സൊസൈറ്റി, വിവിധ റസിഡൻസ് അസ്സോസിയേഷനുകൾ എന്നിവരുമായി ഒത്തുചേർന്നു സംസ്ഥാനത്തുടനീളം വിവിധ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കെ.എസ്.ഇ.ബി.എൽ -ന്റെ ഡി.എസ്.എം സെല്ലിന്റെ നേതൃത്വത്തിൽ പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പതിവായി നടന്നുവരുന്നു.<br>ഊർജ്ജസംരക്ഷണത്തിലൂടെ വൈദ്യുതി ആവശ്യം കുറച്ചു കൊണ്ടു വരുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ താഴെപ്പറയുന്ന നടപടികൾ |

| | | | |
|---|---|---|---|
| | | | കൈക്കൊണ്ടിട്ടുണ്ട്. ഗാർഹിക മേഖലയിൽ വൈദ്യുതി ഉപയോഗം കൂടുതലായതിനാൽ വീട്ടമ്മമാർക്കുവേണ്ടി ഊർജ്ജ ക്ലിനിക്ക് പരിപാടി നടത്തി വരുന്നു.<br><br>പൊതുജന ബോധവൽക്കരണത്തിനായി വിവിധ എക്സിബിഷനുകളും, റിസോഴ്സ് പേഴ്സൺസ് മുഖാന്തിരം 200 ൽപ്പരം ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്.<br><br>പൊതുജന ബോധവൽക്കരണത്തിനായി എൻ.ജി.ഒകൾ, സർവ്വീസ് സൊസൈറ്റികൾ, , പൊതുജന വായനശാലകൾ എന്നിവയുമായി ചേർന്ന് ഊർജ്ജ കിരൺ പരിപാടി നടത്തിവരുന്നു. പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വീടുകളിൽ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങളടങ്ങിയ സന്ദേശങ്ങൾ പൊതുജനബോധവൽക്കരണത്തിനായി നൽകി വരുന്നു.<br><br>വിദ്യാഭ്യാസ മേഖലയിൽ നടത്തി വരുന്ന സ്മാർട്ട് എനർജി പ്രോഗ്രാമിലൂടെ വിദ്യാലയങ്ങളിലെയും വീടുകളിലെയും വൈദ്യുതി ലാഭത്തിന് സാധിക്കുന്നുണ്ട്. |
| (സി) | വൈദ്യുതി മോഷണത്തിനെതിരെയും വൈദ്യുതി തുക വൻതോതിൽ കുടിശ്ശിക വരുത്തുന്നവർക്കെതിരെയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിനും പിടികൂടുന്നതിനുമായി ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടു കൂടി 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ രൂപികരിച്ച് പ്രവർത്തിച്ചു വരുന്നു. എല്ലാമാസവും 3 മേഖലകൾ കേന്ദ്രീകരിച്ച് പതിവിന് പുറമെ സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകളും നടത്തുന്നു. സംസ്ഥാനത്ത് വൈദ്യുതി മോഷണം നടക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ നടപടികൾ എടുക്കാറുണ്ട്. ഈ പതിനാലു ജില്ലകളിലും വൈദ്യുതി മോഷണം നടക്കുന്നതായി പരാതി ലഭിക്ക |

| | | | |
|---|---|---|---|
| | | | മ്പോൾ അതാത് ജില്ലയിലെ യൂണിറ്റുകൾ ആ പരാതികളിൻമേൽ ബന്ധപ്പെട്ട ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും പരിശോധിക്കുകയും വൈദ്യുതി മോഷണമോ മറ്റ് ക്രമക്കേടുകളോ കണ്ടെത്തിയാൽ മാത്രം അത്തരം ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി നിയമം 2003 അനുശാസിക്കുന്ന പ്രകാരം പിഴ ഈടാക്കുകയും ചെയ്തു വരുന്നു. സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ